ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തു ഡിപ്പാർട്ട്മെൻറിനു കൊടുത്തിട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു: പഞ്ചായത്തു ഡിപ്പാർട്ട്മെൻറിനു കൊടുത്തതായിട്ടാണു് പറഞ്ഞുകേട്ടിട്ടുള്ളതു്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു് കുറെ ഡിപ്പാർട്ട്മെൻറുകൾ വേർതിരിച്ചു കൊടുക്കണമെന്നുള്ള ഡീസെൻട്രലൈസേഷൻ പോളിസിയാണുള്ളതു്. ഭാരം നല്ലവിധത്തിൽ ആയിരിയ്ക്കണമെന്നുള്ള പ്രിൻസിപ്പിൾവെച്ചുകൊണ്ടു് ഡിപ്പാർട്ട്മെൻറ് വേർതിരിച്ചു കൊടുക്കണമെന്നുള്ള തത്വംവെച്ചുകൊണ്ടതന്നെ ഇതിനെ അനുകൂലിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിൽ ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് ഭരിയ്ക്കുന്നതുകൊണ്ടു് മന്ത്രിയ്ക്കു വിരോധമില്ല. അദ്ദേഹം വൈദ്യത്തിൽ വിചാരമുള്ള ആളാണു് എന്നു പറയുകയുണ്ടായി. എൻറെ അഭിപ്രായത്തിൽ മന്ത്രിയാകുന്ന ആൾ വൈദ്യംകൂടി പഠിച്ചിരിയ്ക്കണം എന്നില്ല. ഒരുപക്ഷെ ഞാൻതന്നെ മന്ത്രിയായി എന്നുവരാം. (ചിരി). മന്ത്രിയാകുന്ന ആളുകൾ ഇവക സാങ്കേതിക വിഷയങ്ങൾ പഠിച്ചവരായിരിക്കണമെന്നില്ല. വാസ്തവത്തിൽ അങ്ങിനെ പഠിച്ച ആളുകൾ മന്ത്രിയാകാതിരിക്കുകയാണു് ഭേദം. സാധാരണമായി ഇവക വിഷയങ്ങളിൽ പൊതുവെയുള്ള നയം സ്വീകരിയ്ക്കേണ്ട ഒരാളേ മന്ത്രിയ്ക്കുള്ളൂ. ഇതുകൊണ്ടൊന്നും ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് വേർതിരിയ്ക്കുന്നതുകൊണ്ടല്ലെന്നു പറയുന്നതു് എൻറെ ഉപക്ഷേപത്തിനു് ഒരു സമാധാനമായില്ല.

പിന്നെ പണത്തിൻറെകാര്യം പറയുകയുണ്ടായി. അതു് ഇന്നത്തെ ഗവർമ്മെൻറിൻറെ ധനശാസ്ത്രം പോളിസിയാണു്. അതു പെട്ടെന്നു നന്നാക്കുവാൻ കഴിയുകയില്ല. ഞാൻതന്നെ മുമ്പു് സപ്ലിമെൻറിൽ ഇവിടെ കൊണ്ടുവന്നു. എങ്ങിനെയെങ്കിലും ഒരു പത്തുപതിനായിരം ഉറുപ്പികയുണ്ടെങ്കിൽ ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് വേർതിരിച്ചു നടത്തുവാൻ സാധിയ്ക്കും. എന്തായാലും ബഹുമാനപ്പെട്ട മന്ത്രിയവർകൾക്കു് ഇതു് വേർതിരിക്കേണ്ടതാണെന്നു് ബോദ്ധ്യപ്പെട്ടുന്നകാലത്തു് അദ്ദേഹം വേർതിരിച്ചുകൊള്ളുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Cut Motion No. 4.

Adopting a comprehensive three years plan for opening more Ayurvedic Despensaries.

Mr. C. V. Iyyu *(Kunnamkulam):* I beg to move *to reduce the allotment of Rs. 44,642 for Ayurveda by Re. 1. (For adopting a comprehensive three year plan for opening more Ayurvedic Dispensaries).*

ഞാൻ ഈ ഉപക്ഷേപം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് ആയുർവ്വേദ ഡിപ്പാർട്ട്മെൻറിനു ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ്ഹെഡ്: ഉണ്ടായിരുന്നെങ്കിൽ എത്രയൊ മുമ്പു് ഒരു ത്രിവത്സര പദ്ധതി നടപ്പിൽ വരുമായിരുന്നു. ഇതു് ഞാൻ കഴിഞ്ഞ ബഡ്ജറ്റ സമ്മേളനത്തിൽ ഒരു ഉപക്ഷേപംമൂലം ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ഈ രാജ്യത്തെ വൈദ്യശാലകളുടെ ആവശ്യങ്ങൾ പരിഹരിക്കത്തക്കവണ്ണവും ആയുർവ്വേദ വൈദ്യശാലകൾ കുറെക്കൂടി നന്നാക്കുന്നതിനുംവേണ്ടി ഒരു ത്രിവത്സരപദ്ധതി രൂപീകരിക്കണമെന്നായിരുന്നു ഉപക്ഷേപം. അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഇതിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടതു ചെയ്യുന്നതാണെന്നു് അനുഭാവപൂർവ്വം വാഗ്ദാനം ചെയ്തിരുന്നു. ഡിപ്പാർട്ട്മെൻറ വേർതിരിച്ചിരുന്നുവെങ്കിൽ ഈ പദ്ധതി നടപ്പാക്കാൻ എളുപ്പമുണ്ടായിരുന്നു. ഡിപ്പാർട്ട്മെൻറ വേർതിരിക്കാതിരുന്നതുകൊണ്ടാണു് അതിന്നു സാധിക്കാതെവന്നതു്. ഈ ഉപക്ഷേപത്തെക്കുറിച്ചോ, ഇതിൻെറ ആവശ്യത്തെക്കുറിച്ചോ ഞാൻ വളരെ നിർബ്ബന്ധപൂർവ്വം പറയാത്തതിൻെറ കാരണം അതാണു്. ഈ കാര്യത്തിൽ സഭയുടെ സമയം അധികം നഷ്ടപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല.

Dr. A. R. Menon *(Minister for Rural Development):* The Government accepts the motion.

Mr. C. V. Iyyu *(Kunnamkulam):* I thank the Government for it.

Chairman : Before I call upon the hon'ble member to move the next motion, I would like to hear as to how the motion is in order. What has the method of budgetting to do with Ayurveda ?

Mr. V. K. Bhaskara Menon *(Cranganur):* Under the head Ayurveda a lump sum of Rs. 7,500 is given. That is the method of budgetting there. I thought the budget must include the various items under the various heads. If the Hon'ble President thinks that I am not in order, I am not keen about moving it.

Chairman : From what has been explained by the hon'ble member I understand that he objects to the Rs. 7,500 being included in the budget without details being given there. It is about the method of budgetting. I therefore think that the motion is out of order.

The Demand under Ayurveda, put and carried.

The House rose for the day at 4-55 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly